# AHMADI MAR THOMA PARISH, KUWAIT

Established 1984

36 Years of Existence in Faith

November 2020

# The Parish Voice

*"He has shown you, O mortal, what is good. And what does the Lord require of you? To act justly and to love mercy and to walk humbly with your God".*
***Micah 6:8***

(A MONTHLY PUBLICATION OF AHMADI MAR THOMA PARISH)




**BORN : 1931 JUNE 27**
**SEMMASH : 1957 JUNE 29**
**KASSESSA : 1957 OCTOBER 18**
**RAMBAN : 1975 JANUARY 11**
**EPISCOPA : 1975 FEBRUARY 08**
**SUFFRAGAN : 1999 MARCH 15**
**METROPOLITAN : 2007 OCTOBER 02**
**DIED : 2020 OCTOBER 18**



# ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ
# കബറടക്ക ശുശ്രൂഷയുടെ ദൃശ്യങ്ങൾ















# അഹമ്മദി മാർത്തോമ്മാ ഇടവക
## കുവൈറ്റ്

## അനുശോചന പ്രമേയം



**കാ**ലം ചെയ്ത 21-ാം മാർത്തോമ്മാ ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ അഹമ്മദി മാർത്തോമ്മാ ഇടവകയുടെ അഗാധമായ ദുഃഖം രേഖപ്പെടുത്തുവാൻ ഒക്ടോബർ 23 വെള്ളിയാഴ്ച ആരാധനാനന്തരം ഭദ്രാസന എപ്പിസ്കോപ്പാ അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായുടെ അധ്യക്ഷതയിൽ ചേരുന്ന അനുസ്മരണ സമ്മേളനത്തിൽ അവതരിപ്പിക്കുന്ന അനുശോചന പ്രമേയം.

മലങ്കര മാർത്തോമാ സുറിയാനി സഭയിൽ 13 സംവത്സരം മെത്രാപ്പോലീത്തായായും 45 സംവത്സരം എപ്പിസ്കോപ്പായായും 63 സംവത്സരം വൈദീകനായും ദൈവത്തിന്റെ മനുഷ്യമുഖം ദർശിച്ചവനും, പാരമ്പര്യത്തിൽ ശ്രേഷ്ഠനും , സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയും, അസാമാന്യമായ ആജ്ഞാ ശക്തിയും, ഇച്ഛാശക്തിയും ഉള്ളവനും, കർമ്മ നിരതനും, ഭരണതന്ത്രജ്ഞനും, എക്യൂമെനിക്കൽ ബന്ധങ്ങളിൽ ശ്രേഷ്ഠനും , മാനുഷിക മൂല്യങ്ങളിൽ സമ്പന്നനും, സാമൂഹിക രാഷ്ട്രീയ പ്രതിബന്ധതയുള്ള നേതൃത്വവും, അനുതാപികളെ ചേർത്തു പിടിക്കുന്നവനും, അശരണരുടെ അത്താണിയും, മാനവികതയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രവാചകനുമായി ലോകമെമ്പാടും തന്റെ വ്യക്തിമുദ്ര വിവിധ മേഖലകളിൽ പതിപ്പിച്ചിട്ടുള്ളവനും, എല്ലാവരാലും സമാദരിക്കപ്പെട്ടവനുമായ ശ്രേഷ്ഠ ഇടയൻ ആയിരുന്നു കാലംചെയ്ത അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ.

ഭാഗ്യസ്മരണീയനായ തിരുമേനിയുടെ ദേഹവിയോഗത്തിലൂടെ സഭയ്ക്കും സമൂഹത്തിനും നികത്താനാകാത്ത ഒരു നഷ്ടം സംഭവിച്ചിരിക്കുന്നു. തിരുമേനിയിൽനിന്നും കഴിഞ്ഞ കാലങ്ങളിൽ അഹമ്മദി മാർത്തോമ്മാ ഇടവകയ്ക്കു ലഭിച്ച നിർദ്ദേശങ്ങൾ, കരുതൽ, പിതൃവാത്സല്യം എന്നിവയെ ഇത്തരുണത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷനായിരുന്ന ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ അഹമ്മദി മാർത്തോമ്മാ ഇടവകയുടെ അഗാധമായ ദുഃഖവും അനുശോചനവും രേഖപെടുത്തുന്നു. സഭാനേതൃത്വത്തെ തുടർന്നും ദൈവം വലങ്കരംപിടിച്ചു നയിക്കുകയും, ശക്തീകരിക്കുകയും ചെയ്യട്ടെ എന്ന പ്രാർത്ഥനയോടെ ഈ അനുശോചന പ്രമേയം സമർപ്പിക്കുന്നു.

അവതാരകൻ : ശ്രീ. തോമസ് കോശി (വൈസ് പ്രസിഡന്റ്)
അനുവാചകൻ : ശ്രീ. ജോൺ വർഗ്ഗീസ് (സെക്രട്ടറി)

ഇടവക വികാരി : റവ. സാം തോമസ്

അഹമ്മദി മാർത്തോമ്മാ ഇടവക, കുവൈറ്റ്

2020 ഒക്ടോബർ 23



# വികാരിയുടെ സന്ദേശം



**"മനുഷ്യാ നല്ലത് എന്ത് എന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു : ന്യായം പ്രവർത്തിപ്പാനും, ദയാതൽപ്പരനായിരിപ്പാതും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത് ?"...(മീഖാ 6:8)**

**ക**ർത്താവിൽ വാത്സല്യമുള്ള ദൈവജനമേ,

നമ്മുടെ കർത്താവും രക്ഷകനുമായ ക്രിസ്തുവേശുവിന്റെ നിസ്തുല്യ നാമത്തിൽ ഏവർക്കും സ്നേഹവന്ദനം...!

**ആ**ഗോള വ്യാപകമായി നാം കോവിഡ് മഹാമാരിയുടെ കരിനിഴലിൽ ആയിരിക്കുന്ന ഈ പ്രത്യേക കാലഘട്ടത്തിൽ നമ്മെ ഏറെ വേദനിപ്പിക്കുന്ന ഒരനുഭവത്തിനും ഈ കഴിഞ്ഞ ഒക്ടോബർ മാസം സാക്ഷ്യം വഹിച്ചു. 2020 ഒക്ടോബർ 18 പ്രഭാതത്തിൽ 02:38 -ന് 21-ാം മെത്രാപ്പോലീത്താ, മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സൂര്യതേജസ്, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ കർത്ത്യ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ വിയോഗം സഭയിലും സമൂഹത്തിലും ജനഹൃദയങ്ങളിലും നികത്താനാകാത്ത ഒരു ശൂന്യതാബോധം സൃഷ്ടിച്ചിരിക്കുന്നു. 21-ാം നൂറ്റാണ്ടിൽ മലങ്കര മാർത്തോമ്മാ സഭയെ സുദൃഢമായും അനുഗ്രഹകരമായും നയിച്ച് ആത്മീയ, സഭാ, സാമൂഹിക, രാഷ്ട്രീയ മേഖലകളിൽ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും തന്റെ മായാത്ത വ്യക്തിമുദ്ര ചാർത്തിയ ആചാര്യ ശ്രേഷ്ഠനായിരുന്നു ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമാ മെത്രാപ്പോലീത്താ. പഴയനിയമത്തിലെ മോശയെപ്പോലെ പ്രതിസന്ധികളിൽ പതറാതെ ദൈവശബ്ദം ശ്രവിച്ച് തന്റെ ജനത്തെ നയിക്കുകയും, സഭയുടെ ശിൽപ്പിയും പണിക്കാരനുമായ പൗലോസിനെപ്പോലെ സഭയുടെ ആത്മീകവും ഭൗതീകവുമായ വളർച്ചക്ക് ഏറെ അധ്വാനിക്കുകയും ചെയ്ത ശേഷ്ഠ നേതൃത്വമായിരുന്നു കാലം ചെയ്ത 21-ാം മാർത്തോമ്മാ. മീഖാ 6:8, 2 ദിന. 7:14 ഇവ തിരുമേനി ആവർത്തിച്ച് ഓർപ്പിക്കുന്ന വേദഭാഗങ്ങളായിരുന്നു. അഭി. തിരുമേനിയുടെ തിരുവചന സന്ദേശങ്ങൾ ദൈവജനത്തെ നീതിയും ന്യായവും , താഴ്മയും , അനുതാപവും, ദൈവീക മൂല്യങ്ങളും ഉള്ളവരായി ക്രിസ്തു വേശുവിൽ ദൃശ്യമാകുന്ന പുതിയ മാനവികതയുടെ പൂർണ്ണതയിലേക്ക് യാത്ര ചെയ്യുവാനുള്ള ആഹ്വാനങ്ങളായിരുന്നു. തിരുമേനിയുടെ ധന്യവും ദീപ്തവുമായ ഓർമ്മകൾക്ക് മുൻപിൽ ലോകമെമ്പാടുമുള്ള ദൈവജനത്തോടു ചേർന്ന് അഹമ്മദി മാർത്തോമ്മാ ഇടവകയും നമ്രശിരസ കരാകുന്നു. ഒക്ടോബർ 23 വെള്ളിയാഴ്ച ആരാധനാനന്തരം ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ഇടവകയായി അനുസ്മരണ സമ്മേളനം ചേരുകയും അനുശോചന പ്രമേയം അവതരിപ്പിക്കുകയും, ഇടവക വികാരിയും , പ്രയർ ഗ്രൂപ്പ്, സംഘടനാ പ്രതിനിധികളും അനുശോചനം അറിയിക്കുകയുമുണ്ടായി. സഭയുടെ നാഥനായ സർവ്വശക്തനായ കർത്താവ് തുടർന്നും ഈ ദിശാസന്ധിയിൽ സഭയെ കൈപിടിച്ച് നടത്തുകയും കാലോചിതമായ നേതൃത്വത്തിനായി നിയുക്ത മെത്രാപ്പോലീത്തായെ ശക്തീകരിക്കുകയും ചെയ്യട്ടെ എന്ന് നമുക്കേവർക്കും പ്രാർത്ഥിക്കാം.

പ്രീയരേ, നമ്മുടെ സഭയുടെ കലണ്ടർ (Lectionary) പ്രകാരം ഒരു പുതിയ സഭാസംവത്സരത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ ഇഹലോക ജീവിതത്തോട് ബന്ധപ്പെടുത്തി 52 ആഴ്ചകളുള്ള സംവത്സരം മുഴുവൻ അർത്ഥവത്തായ ക്രിസ്തീയ ജീവിതം കെട്ടിപ്പടുക്കുന്നതിനാണ് സഭാ പഞ്ചാംഗം (Almanac & Lectionary) ക്രമീകരിച്ചിരിക്കുന്നത്. കർത്താവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട എട്ട് തലങ്ങളായ - ജനനം, മാമോദീസാ , കഷ്ടാനുഭവം, കുരിശുമരണം, കബറടക്കം , ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, പിതാവാം ദൈവത്തിന്റെ വലതു ഭാഗത്തുള്ള ഇരിപ്പ് - എന്നീ മോറോനായ പെരുന്നാളുകളോട് ചേർത്ത് സഭാ കലണ്ടർ ക്രമീകരിച്ചിരിക്കുന്നു. സഭാ സംവത്സരത്തിലെ ആദ്യ ഞായറാഴ്ചയെ 'കൂദോശ് ഈത്തോ' (സഭാ ശുദ്ധീകരണം - Sanctification) എന്നറിയപ്പെടുന്നു. തുടർന്നു വരുന്ന ഞായറാഴ്ച 'ഹൂദോസ് ഈത്തോ' (സഭയുടെ പുതുക്കം) എന്നറിയപ്പെടുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെ കൊണ്ടാടുന്നതിന് (Advent &Nativity ) സഭാ മക്കൾ സ്വയം ശുദ്ധീകരിച്ച്, പുതുക്കം പ്രാപിച്ച് ഒരുങ്ങുന്ന സമയമാണിത്.ആയതിനായി പ്രാർത്ഥനയിലൂടെയും, വചന ധ്യാനത്തിലൂടെയും മനസ്സിലും ശരീരത്തിലും നമുക്കൊരുങ്ങാം.

നവംബർ ആദ്യ ഞായറാഴ്ച/വെള്ളിയാഴ്ച അഖിലലോക സണ്ടേസ്കൂൾ ദിനമായി കൊണ്ടാടുന്നു. കോവിഡ് നിയന്ത്രണങ്ങൾ കാരണം ദേവാലയത്തിൽ സണ്ടേസ്കൂൾ ക്ലാസ്സുകൾ അസാധ്യമായിരിക്കുന്ന സാഹചര്യത്തിൽ Online/ZOOM Application വഴിയായി Sunday School Common Session & Classes മുടങ്ങാതെ ക്രമീകരിക്കുവാൻ സാധിക്കുന്നത് കുഞ്ഞുങ്ങൾക്കും നമുക്കേവർക്കും സന്തോഷകരമാണ്. ഇപ്രകാരം സാധ്യമാകുന്നതിൽ ദൈവത്തെ സ്തുതിക്കുകയും പിന്നിൽ സമർപ്പണത്തോടെ പ്രവർത്തിക്കുന്ന സണ്ടേസ്കൂൾ ഭാരവാഹികളേയും, അധ്യാപകരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. നവംബർ 20, ഡിസംബർ 11 തീയതികളിൽ നടത്തപ്പെടുന്ന സണ്ടേസ്കൂൾ വാർഷിക/ബിരുദ് പരീക്ഷകൾക്കായി കുഞ്ഞുങ്ങളെ ഒരുക്കണമെന്ന് മാതാപിതാക്കളേയും, അദ്ധ്യാപകരേയും പ്രത്യേകം ഓർപ്പിക്കുന്നു.

പ്രീയരേ, കോവിഡ് -19 മഹാമാരി ലോകത്തെയാകമാനം ഗ്രസിച്ചിട്ട് 10 മാസത്തോളമായി. 12 ലക്ഷത്തിലധികം മനുഷ്യ ജീവനുകൾ ഭൂമുഖത്തു നിന്ന് മാറ്റപ്പെട്ടു. 8 മാസത്തിലധികമായി നമ്മുടെ ദേവാലയം ആരാധനകൾക്കായി തുറന്നിട്ട്. നമ്മുടെ ഇടവകയുടെ ഈ വർഷത്തെ Parish Retreat, Parish Convention, കൂടാതെ ഇടവകയുടെ സാമ്പത്തിക നിലനിൽപ്പിന്റെ ശ്രോതസ്സുകളായ Family Dedication - One Day Income Offertory, Harvest Festival, എന്നിവ മുടങ്ങിയിരിക്കുന്നു. അതുപോലെ ഈ വർഷത്തെ Christmas Carol Service, House to House Carol Rounds എന്നിവയുടെ നടത്തിപ്പും സംശയകരമാണ്. ആരാധനകൾ മുടങ്ങിയിരിക്കുന്നതിനാൽ സ്ത്രോത്ര കാഴ്ചളുടെയും , ജൻമദിന / വിവാഹ വാർഷിക / പ്രത്യേക സ്തോത്ര കാഴ്ചകളുടെയും അഭാവത്തോടൊപ്പം, ഇടവകയുടെ മുഖ്യ വരുമാന ഇനങ്ങളുടെ മുടക്കവും ഇടവകയുടെ സാമ്പത്തികമായ നിലനിൽപ്പ് പ്രതിസന്ധിയിൽ ആക്കിയിരിക്കുന്നു. ആയതിനാൽ ഇടവക ജനങ്ങളുടെ പ്രാർത്ഥനയും സാമ്പത്തികമായ കൂട്ടായ സഹകരണവുമുണ്ടെങ്കിൽ മാത്രമേ നമുക്ക് മുൻപോട്ട് പോകുക സാധ്യമാകു. ആയതിനായി **പ്രയർ ഗ്രൂപ്പ് ഭാരവാഹികൾ മുഖേന One Day Income, Harvest Festival - First Fruit Collection ഇവ November മാസം ആരംഭം മുതൽ ശേഖരിക്കുവാൻ ഇടവക കൈസ്ഥാന സമിതി തീരുമാനിച്ചിരിക്കുന്ന വിവരം ഏവരേയും അറിയിക്കുന്നു.** പ്രയർ ഗ്രൂപ്പ് ഭാരവാഹികൾ അതാത് പ്രയർ ഗ്രൂപ്പിലെ മുഴുവൻ കുടുംബങ്ങളുമായി /അംഗങ്ങളുമായി ബന്ധപ്പെട്ട് ഈ സംഭാവനകൾ നവംബർ മാസത്തിൽതന്നെ നേരിട്ടോ / Online ആയോ ശേഖരിച്ച് റസീപ്റ്റ് നൽകുവാനും ഇടവക ട്രസ്റ്റിൽ ഏൽപ്പിക്കുവാനും പരിശ്രമിക്കേണ്ടതാണ്. തുടർന്ന് ഡിസംബർ മാസത്തിൽ ക്രിസ്തുമസ് സംഭാവനയും ഇപ്രകാരം സ്വീകരിക്കേണ്ടതാണ്. ഇടവകാംഗങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. **''എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.''(ഫിലി 4:19).**

ദൈവം നമ്മെ ഏവരേയും ഈ പ്രതിസന്ധി നാളുകളിൽ തന്റെ ഉള്ളംകൈയ്യിൽ കാത്തുസൂക്ഷിക്കുകയും സകലവിധ ദോഷങ്ങളിൽ നിന്നും കാത്തുമറയ്ക്കുകയും ചെയ്യുമാറാകട്ടെ. ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രാർത്ഥന നമുക്കും പ്രാർത്ഥിക്കാം. **"Oh God, by your grace, transform the world and heal the world."**

പ്രാർത്ഥനാപൂർവ്വം...
കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ വികാരി...
**ദിവ്യശ്രീ. സാം തോമസ് കശ്ശീശ്ശാ.**

# ഡോ. ജോസഫ് മാർത്തോമ്മാ- മലങ്കരയുടെ സൂര്യതേജസ്.

## (ഒരു അനുസ്മരണം)



**'എന്നാൽ ബുദ്ധിമാൻമാർ ആകാശ മണ്ഡലത്തിലെ പ്രഭപോലെയും പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും'.(ദാനി :12:3)**

**ഭാ**ഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മലങ്കര മാർത്തോമ്മാ സഭാ ചരിത്രത്തിൽ നവീകരണത്തിന്റെ വക്താവായ അബ്രഹാം മൽപ്പാന്റെയും, നവീകരണാനന്തരം സഭയുടെ ആദ്യത്തെ നാല് മെത്രാപ്പോലീത്താമാരുടെയും കുടുംബമായ മാരാമൺ പാലക്കുന്നത്ത് തറവാട്ടിൽ 1931 ജൂൺ 27 - ന് ജനിച്ചു. കോഴഞ്ചേരിയിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസവും , ആലുവ Union Christian കോളേജിൽ നിന്ന് ബിരുദവും നേടിയ തിരുമേനി ബാംഗ്ലൂർ United Theological College ൽ നിന്ന് വൈദീക വിദ്യാഭ്യാസം നേടുകയും, തുടർന്ന് അമേരിക്കയിലെ Virginia, Oxford, Canterbury എന്നിവിടങ്ങളിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങളും സമ്പാദിച്ചു. 1957 ജൂൺ 29-ന് മാർത്തോമ്മാ സഭയിൽ ശെമ്മാശനായും 1957 ഒക്ടോബർ 18-ന് കശ്ശീശ്ശായായും ശുശ്രൂഷയിൽ പ്രവേശിച്ചു. തുടർന്ന് കേരളത്തിനകത്തും പുറത്തുമായി ദീർഘ വർഷത്തെ ശുശ്രൂഷകൾക്ക്ശേഷം 1975 - ജനുവരി 11 ന് റമ്പാനായും, 1975 ഫെബ്രുവരി 8 ന് ജോസഫ് മാർ ഐറേനിയസ് എന്ന നാമധേയത്തിൽ എപ്പിസ്കോപ്പായായും ഉയർത്തപ്പെട്ടു. 1999 മാർച്ച് 15-ന് മാർത്തോമ്മാ സഭയിൽ സഫ്രഗൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടു. തുടർന്ന് 2007 ഒക്ടോബർ 02 - ന് മാർത്തോമ്മാ സഭയുടെ 21-ാമത് മെത്രാപ്പോലീത്തായായി ഡോ. ജോസഫ് മാർത്തോമ്മാ വാഴിക്കപ്പെട്ടു.മലങ്കര മാർത്തോമാ സഭയിൽ ദീർഘമായ 45 സംവത്സരക്കാലം മേൽപ്പട്ടക്കാരനായും 13 സംവത്സരക്കാലം മെത്രാപ്പോലീത്തായായും ധന്യമായ നേതൃത്വം  നൽകി.

പത്മഭൂഷൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ വാക്കുകളിൽ ' ഡോ. ജോസഫ് മാർത്തോമ്മാ പാരമ്പര്യങ്ങളിൽ ധനാഢ്യനും, സ്വയാർജ്ജിത കഴിവുകളിൽ നിപുണനും, ബന്ധങ്ങളിൽ ശ്രേഷ്ഠനും, നിർമ്മാണ പ്രവർത്തനങ്ങളിൽ കർമ്മ കുശലനും, നേതൃത്വത്തിൽ അനുഗ്രഹീതനും അത്രേ'. കാപട്യത്തിന്റെ പൊയ്മുഖങ്ങളില്ലാത്ത പച്ചയായ മനുഷ്യൻ, കർക്കശക്കാരനും കാരുണ്യവാനുമായ പിതാവ്, അനുതാപികളുടെയും അശരണരുടെയും ആലംബം, അസാമാന്യമായ ആജ്ഞാശക്തിയുള്ള വ്യക്തിത്വം, നേതൃപാടവമുള്ള ഭരണതന്ത്രജ്ഞൻ, കൃത്യനിഷ്ഠയും കർമ്മനിരതയും കൈമുതലാക്കിയ കർമ്മയോഗി, പ്രതിസന്ധികളിൽ പതറാത്ത ആത്മവിശ്വാസം, ദുരന്തങ്ങളിലും പ്രതികൂലങ്ങളിലും അകപ്പെട്ടവരെ തിരിച്ചറിഞ്ഞ് ഓടിയെത്തുന്ന മനുഷ്യസ്നേഹി , പിൻതള്ളപ്പെട്ടവരെ ചേർത്തുപിടിക്കുന്ന വിശാല ഹൃദയൻ, സഭാ ഐക്യവേദികളിലെ അതികായൻ, സഭാ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ ആഴവും പരപ്പുമുള്ള വ്യക്തിബന്ധങ്ങൾക്കുടമ, സഭയുടെ ചരിത്രവും സ്വത്വവും നവീകരണ ദർശങ്ങളും നെഞ്ചിലേറ്റിയ ആത്മീകാചാര്യൻ, സഭയുടെ വിദ്യാഭ്യാസ മേഖലയിലെ വളർച്ചയുടെ മുഖ്യശിൽപ്പി, സഭയുടെ ഇന്നു കാണുന്ന ഭൗതിക വളർച്ചയുടെ സൂത്രധാരൻ, പ്രകൃതി/പരിസ്ഥിതി സ്നേഹി, പുത്തൻ മാനവികതയുടെ പ്രവാചകൻ, പകരക്കാരനില്ലാത്ത അമരക്കാരൻ ഇങ്ങനെ കാലം ചെയ്ത ഇടയശ്രേഷ്ഠന് വിശേഷണകൾ ഇനിയുമേറെ...

വിശാല എക്യുമെനിസത്തെപ്പറ്റിയുള്ള തിരുമേനിയുടെ ദർശനം വിളിച്ചോതുന്ന വാക്കുകളാണ് തിരുമേനി എന്നും ഓർമ്മിപ്പിച്ചിരുന്ന "സ്വീകരിക്കുവാൻ സാധിക്കുന്നവയെ സ്വീകരിക്കുകയും, സ്വീകരിക്കുവാൻ കഴിയാത്തവയെ ആദരിക്കുകയും ചെയ്യണം"എന്നുള്ളത്. "പ്രതികൂലങ്ങളിൽ പതറിപ്പോകാതെയും അനുകൂലങ്ങളിൽ പാളിപ്പോകാതെയും ഇരിക്കുവാൻ കഴിയണം" എന്നും തിരുമേനി നിരന്തരം ഓർമ്മിപ്പിച്ചിരുന്നു. തന്റെ ജീവിതാവസാനം തിരിച്ചറിഞ്ഞ്, ഏവരേയും ധൈര്യപ്പെടുത്തി , ഔദ്യോഗിക ഉത്തരവാദിത്വങ്ങളെല്ലാം പിൻഗാമികളെ ഭരമേൽപ്പിച്ച്, തന്റെ അന്ത്യയാത്രയ്ക്ക് വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്ത്, മരണത്തിന്റെ മുൻപിലും പതറാതെ, നിറഞ്ഞ പ്രത്യാശയോടെ, ജീവിതംപോലെ മരണവും ആഘോഷമാക്കിയ  തിരുമേനി 2020 ഒക്ടോബർ 18 പ്രഭാതത്തിൽ താൻ വൈദീക ശുശ്രൂഷയിലേക്ക് പ്രവേശിച്ച അതേദിവസം താൻ ശുശ്രൂഷിച്ച കർത്തൃ സന്നിധിയിലേക്ക് കടന്നുപോയി. ആ ധന്യമായ സ്മരണകൾക്ക് മുൻപിൽ പ്രണാമം...

എന്റെ എളിയ ശുശ്രൂഷാരംഗത്തും, വ്യക്തി ജീവിതത്തിലും ഏറെ സ്വാധീനിക്കുകയും, കരുതുകയും, അവിസ്മരണീയമായ നിമിഷങ്ങൾ  സമ്മാനിക്കുകയും ചെയ്ത ആചാര്യശ്രേഷ്ഠന്റെ ഓർമ്മകൾക്ക് മുൻപിൽ അശ്രുപുഷ്പാഞ്ജലി...

കാലാകാലങ്ങളിൽ ശ്രേഷ്ഠമായ നേതൃത്വത്തെ നൽകി സഭയെ അനുഗ്രഹിച്ച സഭയുടെ നാഥനായ കർത്താവ് തുടർന്നും സഭയെ തന്റെ വലങ്കരം പിടിച്ച് നയിക്കുകയും കാലികമായ സാക്ഷ്യനിർവ്വഹണത്തിനായി നിയുക്ത മെത്രാപ്പോലീത്തായെയും സഭാ നേതൃത്വത്തെയും ശക്തീകരിക്കുകയും ചെയ്യട്ടെ എന്ന പ്രാർത്ഥനയോടെ.......

**ദിവ്യശ്രീ. സാം തോമസ് കശ്ശീശ്ശാ.**

# HAPPY BIRTHDAY

## FOR THE MONTH OF NOVEMER 2020

"May he grant you your heart's desire and fulfill all your plans" (Psalms 20:4)

**BETHANIA**

| D/B | Mem# New/Old | Name of Member | Mobile |
|---|---|---|---|
| 02-NOV | 334/945 | HANNAH | 60317181 |
| 05-NOV | 99/516 | JOSH GEO JOJI | 97680424 |
| 07-NOV | 254/826 | RON JOSEPH | 66950591 |
| 11-NOV | 319/924 | VARUGHESE K. SAM | 66091207 |
| 13-NOV | 27/273 | MEREENA ABRAHAM | 99492935 |
| 18-NOV | 213/756 | ABEL JACOB CHAKKITTAYIL | 67048161 |
| 20-NOV | 36/319 | KRICY K. GEORGE | 66024570 |
| 22-NOV | 143/607 | ANISH KANNANKARA JOHN | 66107082 |
| 22-NOV | 328/938 | JOHNZIA MARIA SHAJI | 65940403 |
| 22-NOV | 355/966 | MATHEWS I.M. | 98034539 |

**BETHEL**

| D/B | Mem# New/Old | Name of Member | Mobile |
|---|---|---|---|
| 04-NOV | 152/625 | VIJI ELISUBA GEORGE | 66747947 |
| 09-NOV | 331/942 | BIJOY ABRAHAM | 66804762 |
| 10-NOV | 123/571 | THOMAS IYPE | 99843369 |
| 18-NOV | 251/818 | CHINCHU THANKAM PRASAD | 56679724 |
| 23-NOV | 247/809 | RIJU MATHEW | 99052815 |
| 26-NOV | 277/860 | CANDICE MOLLY ALEX | 51606570 |
| 28-NOV | 372/983 | JONAS T. TOBIN | 92201806 |

**BETHLEHEM**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 03-NOV | 73/438 | RICHA SARA KOSHY | 66458852 |
| 08-NOV | 184/705 | ELNA ELIZABETH ELDHO | 55861788 |
| 09-NOV | 347/958 | SUSAN P. JACOB | 56519499 |
| 10-NOV | 1/1 | SUJI SAM | 66427536 |
| 12-NOV | 259/832 | SAUMINI PRADEEP | 67631452 |
| 14-NOV | 259/832 | CAROL MARIAM PRADEEP | 60421609 |
| 16-NOV | 308/912 | ANJU MARY JAGAN | 51036497 |
| 16-NOV | 184/705 | SANJANA SARA ABRAHAM | 55961788 |
| 24-NOV | 307/911 | AARON KURUVILLA | 94492794 |
| 30-NOV | 307/911 | SUBY EAPEN | 94492794 |

**BETHSAIDA**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 01-NOV | 6/81 | SERENE MARY THOMAS | 99206525 |
| 05-NOV | 82/467 | SNEHA ANN THOMAS | 99274505 |
| 10-NOV | 289/881 | SINU RAICHEL THOMAS | 51762519 |
| 12-NOV | 63/409 | JOANN RACHEL MATHEW | 99132488 |
| 13-NOV | 179/690 | STEPHEN SANTHOSH | 65734464 |
| 21-NOV | 278/861 | BINEESHA BINU | 55986934 |
| 27-NOV | 155/630 | SUSAN TOM | 65978307 |
| 29-NOV | 325/934 | JOHN CHACKO THOMAS | 97927269 |

**CARMEL**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 03-NOV | 127/576 | SHIBU K.JOHN | 99551488 |
| 07-NOV | 324/932 | AJO JOHN | 97935723 |
| 08-NOV | 357/968 | ABIN MATHEW ALEX | 60992959 |
| 08-NOV | 53/376 | KOSHY RAJU | 69940843 |
| 12-NOV | 298/893 | SIGY ABRAHAM | 66246967 |
| 13-NOV | 315/919 | BETTY VARGHESE | 96795613 |
| 21-NOV | 299/897 | EVELY VINCENT | 94425752 |
| 21-NOV | 298/893 | JACOB SAMUEL | 66246967 |
| 23-NOV | 284/874 | ANN MARY JACOB | 97605384 |
| 26-NOV | 96/506 | GEORGE MATHEW | 99358741 |
| 29-NOV | 201/740 | JAIKE SUNNY SABIN | 97617283 |
| 29-NOV | 107/536 | NOELLE MARIA PHILIPOSE | 97327880 |

**GETHSEMANE**

| D/B | Mem# New/Old | Name of Member | Mobile |
|---|---|---|---|
| 06-NOV | 176/685 | JIJI ALEX | 94082641 |
| 11-NOV | 134/591 | ANEENA BENNY | 66647654 |
| 13-NOV | 158/636 | AARON SURESH MATHEW | 56601248 |
| 14-NOV | 306/910 | ABIN K. IDICULA | 65872757 |
| 22-NOV | 29/277 | SUNIL VARGHESE MALAYIL | 66582760 |
| 25-NOV | 176/685 | ALEX V JOHN | 98805592 |

**HEBRON**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 01-NOV | 24/253 | BIJIL BIJU MATHEW | 66586614 |
| 04-NOV | 305/909 | WILLIAM MATHEWS ALUNKAL | 65703884 |
| 07-NOV | 208/747 | GEORGE JOSEPH | 99440497 |
| 13-NOV | 17/210 | JUBY ELIZABETH MATHEWS | 99729515 |
| 16-NOV | 83/469 | DANIYA SARA MATHEW | 67695247 |
| 22-NOV | 111/548 | RITIKA CHRISTI RAISUN | 97318935 |
| 25-NOV | 342/953 | AIDEN SIBI | 97470521 |
| 26-NOV | 161/640 | RIYA ROJI EAPEN | 99294781 |
| 26-NOV | 283/873 | TIA ANN DILIP | 97511023 |
| 29-NOV | 87/485 | FEBI T. ABRAHAM | 97653300 |
| 29-NOV | 87/485 | FENI T. ABRAHAM | 97653300 |

**IMMANUEL**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 10-NOV | 190/716 | ASHISH VARGHESE VAIDIAN | 99488960 |
| 12-NOV | 100/517 | JOHANN PHILIP GEORGE | 67697337 |
| 15-NOV | 320/925 | SARA SUSAN JOGY | 60771408 |
| 25-NOV | 169/664 | ASHWIN P BIJU | 66828695 |

**JURUSALEM**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 02-NOV | 25/258 | IRENE MARIA MANOJ | 98930394 |
| 07-NOV | 174/679 | JOANNA LIZ VARGHESE | 97221239 |
| 07-NOV | 164/647 | SONIA PULIKKUZHIYIL IYPE | 99926732 |
| 08-NOV | 233/787 | SINY SANTHOSH | 55023791 |
| 09-NOV | 105/532 | ISSIN MARIYAM RINOSH | 66604194 |
| 10-NOV | 164/647 | JONATHAN GEOJI VARGHESE | 99926732 |
| 21-NOV | 174/679 | JOHAN MATHEW VARGHESE | 97221239 |
| 23-NOV | 115/553 | DR.JEFFY MARY CHRISTOPHER | 99208450 |
| 26-NOV | 341/952 | ROCY TIGI CHACKO | 65547021 |
| 29-NOV | 18/216 | DAN VARGHESE JOHN | 66892730 |

**EBENEZER**

| D/B | Mem# | Name of Member | Mobile |
|---|---|---|---|
| 02-NOV | 276/859 | SHIJU THANKACHAN | 67062569 |
| 05-NOV | 386/997 | THEJUS SIMON | 66051852 |
| 17-NOV | 214/757 | JOB JACOB | 69959304 |
| 30-NOV | 226/778 | TINU ALEXANDER | 51599079 |



# WEDDING ANNIVERSARY

## FOR THE MONTH OF NOVEMBER 2020

*"And let the peace of Christ rule in your hearts, to which indeed you wer called in one body. And be thankful"* *(Colossians 3:15)*

| Prayer Group | D/M | Mem# (New/Old) | Name of Member | Mobile |
|---|---|---|---|---|
| BETHANIA | 10-NOV | 118/561 | SAMUEL DANIEL | 99804827 |
| BETHANIA | 27-NOV | 328/938 | SHAJI JOHN | 65940403 |
| BETHEL | 09-NOV | 215/758 | JOSE GEORGE | 66540979 |
| BETHEL | 12-NOV | 251/818 | MIKKU JACOB KOSHY | 65571222 |
| BETHEL | 17-NOV | 377/988 | ANU KUNCHERIYA VAIDYAN | 94717410 |
| BETHEL | 19-NOV | 277/860 | ALEX E. JOY | 51606570 |
| BETHEL | 30-NOV | 361/972 | ANISH THOMAS | 97393519 |
| BETHSAIDA | 22-NOV | 142/605 | NIKHIL GEO ABRAHAM | 96951988 |
| BETHSAIDA | 28-NOV | 296/890 | SIBU THOMAS VARGHESE | 97240091 |
| CARMEL | 03-NOV | 178/689 | REJI THOMAS | 66649638 |
| CARMEL | 15-NOV | 375/986 | SIBI GEORGE | 67768708 |
| CARMEL | 18-NOV | 253/825 | JIBIN ABRAHAM | 67760780 |
| CARMEL | 22-NOV | 150/622 | BALU S | 65124364 |
| CARMEL | 29-NOV | 182/703 | PHILIPOSE V.P | 60624741 |

| Prayer Group | D/M | Mem# (New/Old) | Name of Member | Mobile |
|---|---|---|---|---|
| GETHSEMANE | 15-NOV | 5/75 | JIJO JACOB | 66054439 |
| GETHSEMANE | 18-NOV | 306/910 | ABIN K. IDICULA | 65872757 |
| GETHSEMANE | 28-NOV | 40/330 | GEORGE GEORGE | 66259635 |
| HEBRON | 02-NOV | 358/969 | JERIN C. VALSAN | 94967659 |
| HEBRON | 04-NOV | 69/424 | ABRAHAM THOMAS | 97508296 |
| HEBRON | 10-NOV | 327/937 | LIJO RAJAN KADAVIL | 97659332 |
| HEBRON | 19-NOV | 342/953 | SIBI JOHN | 97470521 |
| IMMANUEL | 10-NOV | 320/925 | JOGY JOHN | 60771408 |
| IMMANUEL | 22-NOV | 149/621 | ANU CHACKO THOMAS | 94451627 |
| IMMANUEL | 23-NOV | 26/268 | ANIL MATHEW K A | 66590323 |
| IMMANUEL | 23-NOV | 86/484 | JOHN MATHEW | 67073855 |
| JERUSALEM | 29-NOV | 374/985 | SAMUEL EASO CHANDY | 98830910 |

*Mr. M. S. Nainan George (85), Mamoottil House, Kunnappally, Printhalmanna, Malappuram, father of our Parish Member Mr. Mathew Nainan (Mem. No. #304/907, Bethsaida Prayer Group) has taken to heavenly abode, on 10th October, 2020.*

*Ahmadi MTC express heartfelt condolence to the bereaved family on the demise of their beloved Father. May God give them comfort and peace that they seek.*






# Glimpses from Friday Morning Worship




# Glimpses from the Memorial Meeting of Late Dr. Joseph Mar Thoma Metropolitan





















# Glimpses from the Memorial Meeting of Late Metropolitan, organiseded by Joint Fellowship at NECK.
















*"If my people, who are called by my name, will humble themselves and pray and seek my face and turn from their wicked ways, then I will hear from heaven, and I will forgive their sin and will heal their land."* **2 Chronicles 7:14**


| | | | | | | |
|---|---|---|---|---|---|---|
| REV. SAM THOMS | THOMAS KOSHY | JOHN VARUGHESE | SHAJI C. THOMAS | OOMMEN M.E. | GINCE JACOB | BIJUMON MATHEW |
| Vicar | Vice President | Edavaka Secretary | Trustee Finance | Trustee Accounts | Lay Ministrant | Lay Ministrant |
| 66222951 | 66679425 | 66244145 / 50216868 | 66329302 | 99294781 | 65652731 | 66828695 |
| vicaramtcq8@gmail.com | | secretaryamtckwt@gmail.com | | | | |

**www.ahmadimarthoma.com**